## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല

### പ്രവചന കാലയളവ് 06.12.2023 മുതൽ 10.12.2023 വരെ

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| | |
|---|---|
| **എ എ എസ് ബുള്ളറ്റിൻ നമ്പർ 49/2023 (97) ചൊവ്വാഴ്ച** | **തീയ്യതി 05/12/2023** |

**2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :**

| കാലാവസ്ഥാ ഘടകങ്ങൾ | 06.12.2023 | 07.12.2023 | 08.12.2023 | 09.12.2023 | 10.12.2023 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 0.1 | 0.1 | 0.1 | 2 | 10 |
| ഉയർന്ന താപനില (°C) | 32 | 33 | 33 | 33 | 33 |
| കുറഞ്ഞ താപനില (°C) | 26 | 25 | 25 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 88 | 88 | 88 | 88 | 88 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 69 | 69 | 69 | 69 | 69 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 3 | 2 | 2 | 2 | 2 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 250 | 250 | 270 | 250 | 270 |
| മേഘ വ്യാപ്തി (ഒക്ടാ ) | 7 | 5 | 5 | 8 | 8 |

കാലാവസ്ഥാ അറിയിപ്പ്: IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ നേരിയ തോതിൽ മഴയ്ക്ക സാധ്യത. കേരളത്തിൽ ശരാശരി മഴ ലഭിക്കാൻ സാധ്യത.

### 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതുനിർദേശങ്ങൾ: കാറ്റിന്റെ വേഗത കൂടിവരുന്നതിനാലും, ബാഷ്പീകരണം കൂടുകയും, വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാലും ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്. വാഴക്ക് താങ്ങുകാലുകൾ നൽകുക, പച്ചക്കറി പന്തലുകൾ ബലപ്പെടുത്തുക. മണ്ണിന്റെ ഈർപ്പം സംരക്ഷിക്കാൻ ശരിയായ പുതയിടൽ രീതി അവലംബിക്കാവുന്നതാണ്.

| വിളകൾ | രോഗ-കീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ (RRS Vyttila) |
|---|---|---|
| നെല്ല് (മുണ്ടകൻ) ചിനപ്പ് പൊട്ടുന്ന പരുവം | ഇലചുരുട്ടി പുഴു | വരമ്പ് ചെത്തി വൃത്തിയാക്കുകയും കളകളെ നിയന്ത്രിക്കുകയും ചെയ്യുക. ശലഭങ്ങളെ കണ്ടുതുടങ്ങുമ്പോൾ ട്രൈക്കോഗ്രാമ കൈലോണിസ് എന്ന പരാദത്തിൻറെ മുട്ടകാർഡുകൾ (ഒരു ഹെക്ടറിലേക്ക് 5cc കാർഡ്) ഉപയോഗിക്കുക. വിളക്കുകെണികൾ സ്ഥാപിക്കുക. |
| ഇഞ്ചി | ഫ്യൂസേറിയം അഴുകൽ | രോഗബാധിതമായ ചെടികൾ പറിച്ചു നീക്കി നശിപ്പിച് ചെഷണ്ട് സംയുക്തമോ 1% ബോർഡോ മിശ്രിതമോ 0.3% മാങ്കോസെബോ ഒഴിച്ച് മണ്ണ് കുതിർക്കുക. |
| വിവിധ വിളക ൾ | ശലഭ പുഴുക്കൾ | വേപ്പിൻ കുരു സത്ത് 5 % [ നന്നായി പൊടിച്ച വേപ്പിൻ കുരു 50 ഗ്രാം കിഴി കെട്ടി ഒരു ലിറ്റർ വെള്ളത്തിൽ മുക്കി 12 മണിക്കൂർ വെക്കുക, ശേഷം കിഴി നന്നായി പലതവണ പിഴിഞ്ഞ്, പുറത്തു വരുന്ന വെള്ളം ക്ലിയർ ആകുന്ന വരെ പിഴിഞ്ഞെടുത്തത് ] തളിച്ച് കൊടുക്കാം; ബിവേറിയ ബസിയാന 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കാം; ക്ലോറാൻട്രാലിനിപ്രോൾ 18.5 SC മൂന്നു മില്ലി ലി. പത്തു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കാം. പുഴുക്കൾ വീടുകളിലേക്ക് വ്യാപിക്കുകയാണെങ്കിൽ സൈപെർമെത്രിൻ 1 മി.ലി. ഒരു ലിറ്റർ വെള്ളത്തിൽ പശയും ചേർത്ത് തളിക്കാം. |
| ശീതകാല പച്ചക്കറികൾ | പരിപാലനം | പറിച്ചുനട്ടു ഒരാഴ്ച കഴിയുമ്പോ ഒന്നാം വളം കൊടുക്കുക. സെൻ്റിനു 650 ഗ്രാം യൂറിയ, 2 കി.ഗ്രാം രാജ്ഫോസ്, 415 ഗ്രാം മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് എന്നിവ ചേർക്കുക. ഒരു മാസം കഴിഞ്ഞു സെൻ്റിനു 650 ഗ്രാം യൂറിയ, 415 ഗ്രാം മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് എന്നിവ ചേർക്കുക |

മത്സ്യകൃഷി:- കാർപ് മത്സ്യങ്ങളായ കട്ള, റോഹു, മൃഗാൾ, ഗ്രാസ് കാർപ്പ്, സിൽവർ കാർപ്പ്, കോമണ് കാർപ്പ് എന്നീ ഇനങ്ങളെ ശുദ്ധ ജലത്തിൽ ചെയ്യാവുന്നതാണ്. ഇത് കൂടാതെ തിലാപ്പിയ, അനാബസ്, ആസ്സാം വാള, കാരി, വരാൽ തുടങ്ങിയ മത്സ്യങ്ങളെയും ശുദ്ധജലത്തിൽ കൃഷി ചെയ്യാവുന്നതാണ്.